# സ്റ്റോക്കിൽ കുറവ് കണ്ടതിനെത്തുടർന്ന് പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കി

## മദ്രാസ് ഹൈക്കോടതി

W.P. No. 23093/2003 Dt. 7.10.2020

ടെനിസ്പേട്ട് പ്രൈമറി അഗ്രിക്കൾച്ചർ
കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി
x
ലേബർ കോർട്ട്

സഹകരണ സംഘം നടത്തുന്ന ന്യായവില കടയിലെ വില്പനക്കാരി എന്ന തസ്തികയിലാണ് തൊഴിലാളി ജോലി ചെയ്തിരുന്നത്. അപ്രകാരമിരിക്കെ 6.10.1994, 7.10.1994 എന്നീ തീയതികളിൽ അവധിയെടുത്ത തൊഴിലാളി പിറ്റേദിവസം അനധികൃതമായി ജോലിക്ക് ഹാജരായില്ല. സംശയം തോന്നിയ തൊഴിലുടമ നാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ കട തുറന്ന് സ്റ്റോക്ക് പരിശോധിച്ചപ്പോൾ 4000 രൂപ വിലമതിക്കുന്ന വസ്തുക്കളുടെ കുറവുണ്ടായിരുന്നു. ഉടനടി തൊഴിലാളി സസ്പെന്റ് ചെയ്യപ്പെട്ടു. മൂന്ന് മാസത്തിനു ശേഷം സസ്പെൻഷൻ പിൻവലിച്ചെങ്കിലും തൊഴിലാളി ജോലിക്ക് ഹാജരായില്ല. നാല് മാസത്തിനു ശേഷം മേനേജ്മെന്റ് അവർക്ക് കുറ്റപത്രം അയച്ചുകൊടുത്തെങ്കിലും അവർ അത് കൈപ്പറ്റിയില്ല. തുടർന്ന് ഗാർഹികാന്വേഷണം നടത്തി. നിരവധി തവണ രജിസ്റ്റേഡ് തപാൽ വഴി നോട്ടീസയച്ചിട്ടും തൊഴിലാളി അത് കൈപ്പറ്റിയില്ല. അവസാനം സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിങ് മുഖേന അയച്ച നോട്ടീസ് അവർ കൈപ്പറ്റിയെങ്കിലും ഗാർഹികാന്വേഷണത്തിൽ അവർ പങ്കെടുത്തില്ല. അതിനാൽ തൊഴിലാളിയുടെ അഭാവത്തിൽ അന്വേഷണം പൂർത്തിയാക്കിയ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടത്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ശിക്ഷ കഠിനമായിപ്പോയിയെന്ന് വിലയിരുത്തിയ ലേബർ കോടതി മുൻകാല വേതനം കൂടാതെ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. സ്റ്റോക്കിൽ കുറവുണ്ടായ വസ്തുക്കളുടെ വിലയായ നാലായിരം രൂപ തൊഴിലാളി തിരിച്ചടച്ചുവെന്ന വസ്തുത കണക്കിലെടുത്താണ് ലേബർ കോടതി അപ്രകാരം വിധിച്ചത്. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തൊഴിലാളി നാലായിരം രൂപ സ്വമേധയാ തിരിച്ചടച്ചതല്ലെന്നും നിയമപ്രകാരം നിർബ്ബന്ധിതമായി വസൂലാക്കിയതാണെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. തന്റെ അസാന്നിദ്ധ്യത്തിലാണ് ന്യായവില കട തുറന്ന് പരിശോധിക്കപ്പെട്ടതെന്നും അതിൽ തിരിമറിയുണ്ടെന്നും ഗാർഹികാന്വേഷണത്തിൽ തന്റെ ഭാഗം വിശദീകരിക്കാൻ അവസരം ലഭിച്ചില്ലെന്നും മറ്റും തൊഴിലാളി വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. തൊഴിലാളി തുക തിരിച്ചടച്ചത് സ്വമേധയാ ആണെന്ന് തെളിയിക്കുന്ന യാതൊരു രേഖയുമില്ലാതിരിക്കെ വസ്തുതാവിരുദ്ധ നിലപാടെടുത്ത ലേബർ കോടതിയുടെ തീരുമാനം തെറ്റാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി റദ്ദാക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.